## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3000 — 10-03-2017 -ൽ മറുപടിക്ക്

### ദുരന്ത നിവാരണ നിധിയിൽ നിന്ന് അധികതുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനൂപ് ജേക്കബ് | | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ പതിനൊന്നായിരം ജല കിയോസ്കുകൾ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിരുന്നോ; എന്നാണ് ഇതുസംബന്ധിച്ച തീരുമാനം എടുത്തത്; | എ) | രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ പതിനൊന്നായിരം ജല കിയോസ്കുകൾ സ്ഥാപിക്കണം എന്ന തീരുമാനം എടുത്തിട്ടില്ല. ആവശ്യാനുസരണം വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് 28.10.2016-ന് കൂടിയ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം തീരുമാനിച്ചിരുന്നു. സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിൽ എത്ര കിയോസ്കുകൾ സ്ഥാപിച്ചുവെന്നറിയിക്കുമോ; | ബി) | കേരളത്തിൽ നിലവിൽ 852 വാട്ടർ കിയോസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. പുതുതായി 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും അതനുസരിച്ച് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്. |
| സി) | വരൾച്ച നേരിടുന്നതിന് ദുരന്ത നിവാരണ നിധിയിൽ നിന്ന് അധികതുക ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം നൽകും എന്ന് 31-10-2016-ൽ നിയമസഭയിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; മെമ്മോറാണ്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | സി) | ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാനുള്ള മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുള്ളതും 22.02.2017-ന് ചേർന്ന മന്ത്രിസഭായോഗം ആയത് അംഗീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ